## (94.) വകയാർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനാൽ ആശിർവദിക്കപ്പെട്ട് പരി.ദൈവമാതാവിന്റെ നാമത്തിൽ 1941 ജനുവരിയിൽ ആരംഭിച്ച വകയാർ സെന്റ് മേരീസ് മലങ്കര കത്തോലിക്കപ്പള്ളി 79 വർഷം പിന്നിടുന്നു. മൂന്നൂറിൽ കൂടുതൽ വീട്ടുകാരുള്ള ഇടവക പത്തനംതിട്ട രൂപതയിലെ ശ്രദ്ധേയമായ ഒരു ഇടവകയായി തീർന്നിരിക്കുന്നു.

1940 ഡിസംബർ മാസത്തിൽ വകയാർ സ്വദേശികളായ ഏതാനും പേർ മൈലപ്രയിൽ മാർ ഈവാനിയോസ് പിതാവിനെ നേരിൽകണ്ട് പുനരൈക്യപ്പെടുവാൻ താൽപ്പര്യം പ്രകടിപ്പിച്ചു. അടുത്ത ദിവസം തന്നെ പിതാവ് വകയാറിൽ വരുകയും ഭാവികാര്യങ്ങൾ കൂടുതൽ ആളുകളുമായി ചർച്ച ചെയ്തതിന്റെ ഫലമായി ശ്രീ.മാമ്മൻ കണ്ണന്താനിന്റെ ഭവനം വി.കുർബ്ബാന അർപ്പിക്കുവാൻ, ഇടവക രൂപീകൃതമാകുന്നതുവരെ വിട്ടുനൽകി. തുടർന്ന് കോന്നി പള്ളി വികാരി ആയിരുന്ന ജോസ് മാത്യു ചാൽകടവിൽ പ്രഥമ വികാരിയായി നിയമിതനായി. പള്ളിയ്ക്ക് ആവശ്യമായ ഒരേക്കറിൽപരം വസ്തു വാഗ്ദാനം ചെയ്തത് കൈമാറ്റം നൽകിയത് പുത്തൻബംഗ്ലാവിൽ കോശി കൊച്ചുമ്മൻ ആകുന്നു. ചേപ്പാട് ഫിലിപ്പോസ് റമ്പാച്ചൻ ഒരാഴ്ചകാലം കൺവൻഷൻ നടതീ സത്യവിശ്വാസം ജനഹൃദയങ്ങളിൽ ഉറപ്പിച്ചു.

ജോസഫ് വടക്കേക്കുറ്റ് അച്ചന്റെ നേതൃത്വത്തിൽ ഇന്നു കാണുന്ന ഇന്ത്യൻ മാതൃകയിലുള്ള ദേവാലയം ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സഹായത്താൽ നിർമ്മിച്ച് കൂദാശ ചെയ്തു.

1958-ൽ മലങ്കരസഭ ഹൈരാർക്കി സ്ഥാപനത്തിന്റെ സിൽവർജൂബിലി ഇവിടെ വെച്ചു നടത്തപ്പെട്ടു. തദവസരത്തിൽ 13 മെത്രാൻമാർ ഒരേ വേദി പങ്കിട്ടത് ചരിത്രസംഭവമായി തീർന്നു. ഈ ദിവസങ്ങളിൽ ഇൻഡ്യയുടെ ആദ്യത്തെ കർദ്ദിനാൾ , ബോംബെ ആർച്ച് ബിഷപ്പ് വലേറിയൻ ഗ്രേഷ്യസ് തിരുമേനി വകയാർ ഇടവക സന്ദർശിച്ച് ഇടവക വളർച്ചയെ പ്രകീർത്തിക്കുകയും പുകഴ്ത്തി പറയുകയും ചെയ്തിട്ടുണ്ട്. കോയിക്കലേത്ത് പെരുമാൾ ദാനമായി നൽകിയ സ്ഥലത്ത്, ജോസഫ് വടക്കേക്കുറ്റിന്റെ നേതൃത്വിൽ മനോഹരമായ ഒരു കുരിശ്ശടി സ്ഥാപിച്ചു.

**സേവനം അനുഷ്ഠിച്ച വൈദീക ശ്രേഷ്ഠർ**

1. ഫാ. ജോസ് മാത്യു ചാൽകടവിൽ
2. ഫാ. ഫ്രാൻസിസ് കൊടകനാടി
3. ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ
4. ഫാ. ജോസഫ് വടക്കേക്കുറ്റ്
5. ഫാ. സിറിയക് മണവാളൻ
6. ഫാ. കുര്യൻ ഇലഞ്ഞിമറ്റം
7. ഫാ. എബ്രഹാം തെക്കേടത്ത്
8. ഫാ. തോമസ് പ്ലാവിള
9. ഫാ. കോശി ചക്കാലമണ്ണിൽ
10. ഫാ. തോമസ് നരിയാട്ടിൽ
11. ഫാ. ദാനിയേൽ വടക്കേക്കര (കോർ എപ്പിസ്കോപ്പ)

12. ഫാ. വർഗ്ഗീസ് മാവേലിൽ (കോർ എപ്പിസ്കോപ്പ)

13. ഫാ. ചാക്കോ തടത്തിൽ

14. ഫാ. അഗസ്റ്റിൻ പുലിമുറ്റത്ത്

15. ഫാ. ജോസഫ് കുരുമ്പിലേത്ത്

16. ഫാ. അഡ്വ.ജോസ് കളവിള

17. ഫാ. വർഗ്ഗീസ് കൈതോൺ

**നിർമ്മാണങ്ങൾ**

ഇടവകയുടെ അഭിമാനമായ മേരിമാതാ കമ്മ്യൂണിറ്റി ഹാളിന്റെ ശിലാസ്ഥാപനം 0/09/1995-ൽ തിരുവനന്തപുരം സഹായ മെത്രാൻ അഭി.ലോറൻസ് മാർ അപ്രേം നടത്തി. 22/02/1998-ൽ തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്ത അഭി.സിറിൽ മാർ ബസേലിയോസ് കാതോലിക്ക ബാവയാൽ കൂദാശ കർമ്മം നിർവ്വഹിച്ചു. ഇതിന്റെ എല്ലാം പിറകിൽ അക്ഷീണം പ്രയത്നിച്ചത് ഡാനിയേൽ വടക്കേക്കര കോർ എപ്പിസ്കോപ്പ ആകുന്നു. 2000-ൽ പൂർത്തിയാക്കിയ പുതിയ പള്ളിമേടയുടെ കൂദാശകർമ്മം അഭി.ജോഷ്വ മാർ ഇഗ്നാത്തിയോസ് നിർവ്വഹിച്ചു. 80 സെല്ലുകളുള്ള ആദ്യത്തെ സെല്ലാർ നിർമ്മിച്ചത് വർഗ്ഗീസ് മാവേലിലിന്റെ നേതൃത്വത്തിലാണ്.

ദേവാലയത്തിന്റെ മുകൾത്തട്ടും സീലിങ്ങും നവീകരിച്ചതും മുൻഭാഗത്തെ പോർച്ച്, ഗ്രോട്ടോ എന്നിവ നിർമ്മിച്ചത് ചാക്കോ തടത്തിൽ അച്ചൻ വികാരിയായിരിക്കുന്ന കാലഘട്ടിലാണ്. ഇതിന്റെ കൂദാശകർമ്മം 2010 ജനുവരി 10ന് അഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലിമ്മീസ് കാതോലിക്കാവാ നിർവ്വഹിച്ചു.

ചാക്കോ തടത്തിൽ അച്ചൻ വികാരിയായിരിക്കുമ്പോൾ തന്നെയാണ് 42 സെല്ലുകൾ ഉള്ള രണ്ടാമത്തെ സെല്ലാറിന്റെയും നിർമ്മാണം പൂർത്തീകരിച്ചത്. ദേവാലയത്തിന്റെ മുൻപിലെ നവീനമായ കൊടിമരം സ്ഥാപിച്ചത് അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചൻ സേവനം അനുഷ്ഠിച്ച കാലാണ്. കൂദാശ കർമ്മം 2012 ജനുവരി 8ന് അഭി.സാമുവേൽ മാർ ഐറേനിയോസിനാൽ നിർവ്വഹിക്കപ്പെട്ടു. 27 പള്ളികൾ ഉള്ള കോന്നി വൈദീക ജില്ലയുടെ ആസ്ഥാന കേന്ദ്രമായി വകയാർ ഇടവക നിലകൊള്ളുന്നു. കോശി ചക്കാലമണ്ണിൽ അച്ചന്റെ താൽപര്യപ്രകാരം ബഥനിമഠം സ്ഥാപിക്കപ്പെട്ടു. അതിനോടനുബന്ധിച്ച് നേഴ്സറി മുതൽ 7 ക്ലാസ് വരെയുള്ള സെന്റ് തോമസ് സ്കൂളും, ബഥാനിയ ബാലഭവനും ഇവിടെ പ്രവർത്തിച്ചു വരുന്നു.

പ്ലാറ്റിനം ജൂബിലി വർഷമായ 2016 ൽ ഇടവകയുടെ മദ്ബഹാ നവീകരണം, കുരിശ്ശടി പുതുക്കൽ, പഴയ പള്ളിക്കെട്ടിടം പുതുക്കി ജൂബിലി സ്മാരകമന്ദിരം എന്നിവ പൂർത്തീകരിക്കപ്പെട്ടു. ജോസഫ് കുരുമ്പിലേത്തിന്റെ ആത്മീയ നേതൃത്വത്തിൽ ആണ് ഇവ നടത്തപ്പെട്ടത്. ഇവയുടെ കൂദാശ 2016 ജനുവരി 10ന് പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭി.യൂഹാനോൻ മാർ ക്രിസോസ്റ്റം നിർവ്വഹിച്ചു. ജോസ് കളവിള അച്ചന്റെ ആത്മീയ ശുശ്രൂഷ വേളയിലാണ് മേരിമാതാ കമ്മ്യൂണിറ്റിഹാൾ നവീകരിക്കപ്പെട്ടത്. പള്ളിക്കും ഹാളിനും വേണ്ടിയിരുന്ന വലിയ ജനറേറ്ററും ഈ കാലയളവിൽ വാങ്ങപ്പെട്ടു.

2019 മുതൽ ആത്മീയ ശുശ്രൂഷ നടത്തപ്പെടുന്ന വർഗ്ഗീസ് കൈതോണിന്റെ നേതൃത്വത്തിൽ അനേകം പുരോഗമന പ്രവൃത്തികൾ നടത്തപ്പെടുന്നു. 25 സെല്ലുകൾ ഉള്ള സെല്ലാർ നിർമ്മാണം പള്ളിക്കും ശ്മശാനത്തിനും ചുറ്റുമുള്ള ചുറ്റുമതിൽ, കല്ലറയിൽ ഇന്റർലോക്ക് പാകിയത്, പള്ളിമുറ്റം നവീകരിച്ചത്, ഓഡിറ്റോറിയം, ടോയ്‌ലറ്റ് നിർമ്മാണം, മദ്ബഹാ മോടിപിടിപ്പിക്കൽ ഇവയെല്ലാം ഈ ചുരുങ്ങിയ കാലയളവിലെ നേട്ടങ്ങൾ ആകുന്നു.

2019 ഡിസംബറിൽ അതിരൂപതാദിനം ഇവിടെവച്ച് നടത്തപ്പെട്ടു. ഇടവകയിൽ നിന്നും ശുശ്രൂഷ വേദിയിലേക്ക് കടന്നു വന്നവർ താഴെപ്പറയുന്നവർ ആകുന്നു.

1. ഫാ. സാമുവേൽ തുണ്ടിയിൽ
2. ഫാ. അലക്സാണ്ടർ കോയിക്കലേത്ത്
3. ഫാ. ജോർജ്ജ് മാത്യു തെക്കേപുതുവേലിൽ
4. ഫാ. ജോൺ കോന്നിയൂർ
5. ഫാ. ഫാ. ജേക്കബ് ദയാനന്ദ് ഒ.ഐ.സി.
6. ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ
7. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ എസ്.ജെ.
8. ഫാ. ഷിബു പാലമുട്ടിൽ തെക്കേതിൽ
9. സി. സിസി എസ്.ഐ.സി.
10. സി. പ്രദീപ എസ്.ഐ.സി.